കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഏപ്രിൽ 2021 വാല്യം 60 ലക്കം 4



"Peace be with you"


John 20,21


നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും
രൂപതാ കുടുംബത്തിന്റെ
തിരുനാൾ ആശംസകൾ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഏപ്രിൽ 2021 വാല്യം 60 ലക്കം 4




## ഉള്ളടക്കം


5 ഉത്ഥാനത്തിരുനാൾ സന്ദേശം
8 സർക്കുലർ
11 രൂപതക്കച്ചേരി
22 മൈനർ സെമിനാരി
22 വിജ്ഞാനഭവൻ
24 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
25 സോഷ്യൽ സർവീസ്
28 ചെറുപുഷ്പ മിഷൻലീഗ്
29 ഫാമിലി അപ്പോസ്തലേറ്റ്
30 നിർമ്മല പ്രോലൈഫ്
30 മാതൃവേദി
31 ഡി. സി. എം. എസ്.
31 ഡി. എഫ്. സി.
33 യുവദീപ്തി– KCYM
33 ജീസസ് യൂത്ത്
35 പ്രാർത്ഥനാഗ്രൂപ്പ്
36 കേരള ലേബർ മൂവ്മെന്റ്
36 തിരുനാൾ മംഗളങ്ങൾ
38 രൂപതാദ്ധ്യക്ഷന്റെ ഡയറി
40 Bishop's Engagements
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതയായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 8 സർക്കുലർ

Page 12 ദൈവകരുണയുടെ നൊവേന

Page 13 ജൂബിലി സ്മാരക സ്കോളർഷിപ്പ്

Page 13 നിർമ്മല സിവിൽ സർവീസ് അക്കാഡമി

Page 24 അദ്ധ്യാപക തസ്തികയിലേക്കുള്ള പരീക്ഷകൾ


## തിരുനാളുകൾ



1
പെസഹാവ്യാഴം



24
വി. ഗീവർഗീസ്



2
പീഡാനുഭവവെള്ളി



25
വി. മർക്കോസ്



3
വലിയ ശനി



4
ഉയിർപ്പു
തിരുനാൾ



29
സിയന്നായിലെ
വി. കാതറിൻ

# ഈസ്റ്റർ : പ്രത്യാശയുടെയും ആത്മധൈര്യത്തിന്റെയും തിരുനാൾ

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

പ്രത്യാശയുടെ സന്ദേശവുമായി നാം ഈസ്റ്റർ ആഘോഷിക്കുകയാണ്. പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി ഉത്ഥിതനായ ഈശോയുടെ രക്ഷാകരമായ സാന്നിദ്ധ്യമാണ് ഉത്ഥാനത്തിരുനാളിന്റെ അനന്യത. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ സ്നേഹപൂർവ്വം നേരുന്നു. മനുഷ്യകുലത്തിന് മുഴുവൻ സമാധാനവും സന്തോഷവും പകരുന്ന ദിനമാണ് ഈസ്റ്റർ. ഈ ലോകംകൊണ്ട് ഒന്നും അവസാനിക്കുന്നില്ലെന്നും നിത്യജീവനും സ്വർഗ്ഗരാജ്യവുമാണ് നമ്മുടെ ലക്ഷ്യമെന്നും നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്.

പ്രതിസന്ധികളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും ഉയിർത്തെഴുന്നേൽക്കാനുള്ള വിളിയാണ് ഓരോ ഈസ്റ്ററും നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. കഴിഞ്ഞ ഒരു വർഷം നമ്മെ സംബന്ധിച്ച് നാനാവിധത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. മാരകമായ മഹാമാരി നമ്മുടെ ആത്മീയ, സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇന്നും ഈ കെടുതിയിൽ നിന്നും രക്ഷപെടാനുള്ള അതിജീവനത്തിന്റെ ജീവിതശൈലി നാം പരിശീലിക്കുകയാണ്. ഇസ്രായേൽജനം ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും കാനാൻ ദേശത്തിന്റെ സമൃദ്ധിയിലേക്ക് യാത്ര പോകുന്നത് വി. ഗ്രന്ഥത്തിലെ സുപ്രധാന സംഭവമാണ്. പ്രതിസന്ധികളും തടസ്സങ്ങളും നേരിടുന്നുവെങ്കിലും ദൈവത്തിലാശ്രയിച്ചും നേതൃത്വത്തെ അനുസരിച്ചും മുന്നോട്ട് നീങ്ങുമ്പോൾ ദൈവം അവർക്കായി ഒരുക്കിയ തേനും പാലും ഒഴുകുന്ന സമൃദ്ധിയുടെ കാനാൻദേശം അവർക്ക് സ്വന്തമാവുകയാണ്.

ഇന്ന് ഇസ്രായേൽ ജനത്തിന്റെ സ്ഥാനത്ത് നാം ഓരോരുത്തരുമാണ്. സങ്കടങ്ങളുടെ ഈ മരുഭൂമിയാത്രയ്ക്ക് തീർച്ചയായും അവസാനമുണ്ടാകുമെന്നും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കാനാൻ ദേശം നമുക്ക് സ്വന്തമാകുമെന്നുമുള്ള പ്രത്യാശ ഈ വർഷത്തെ ഈസ്റ്റർ നമുക്ക് പ്രദാനം ചെയ്യുന്നു. ഈശോയെ അന്വേഷിച്ച് കല്ലറയിലെത്തിയ സ്ത്രീകളോട് ദൈവദൂതൻ പറയുന്നത് ഇപ്രകാരമാണ്: "ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ അവൻ ഇവിടെയില്ല, താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർത്തെഴുന്നേറ്റു" (മത്താ. 28: 5-6). ദൈവദൂതന്റെ ഈ ആശ്വാസസന്ദേശം നമുക്കും നമ്മുടെ കുടുംബങ്ങൾക്കും സമൂഹം മുഴുവനും പ്രത്യാശയും ആത്മധൈര്യവും നൽകുന്നതാണ്. സകലവിധത്തിലുമുള്ള ഭയപ്പാടുകളും മാറ്റിവച്ച് ധൈര്യപൂർവം ഉത്ഥിതന് സാക്ഷികളാകാൻ നമുക്ക് പരിശ്രമിക്കാം.

ഉത്ഥിതനിൽ നിന്ന് ലഭിച്ച ഊർജ്ജമാണ് അപ്പസ്തോലന്മാരെ ധീരപ്രേഷിതരായി രൂപാന്തരപ്പെടുത്തുന്നത്. ഈശോയ്ക്കുവേണ്ടി നിലപാടുകളെടുക്കാൻ ശ്ലീഹന്മാർക്ക് ധൈര്യവും പ്രത്യാശയും നൽകുന്നതും ഉത്ഥിതനായ ഈശോയുടെ ആത്മീയസാന്നിദ്ധ്യമാണ്. അതുകൊണ്ട് തന്നെയാണ് അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രം ഈശോയുടെ ഉത്ഥാനസന്ദേശമാകുന്നത്. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ, "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി. 15:14). നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോയുടെ ഉത്ഥാനസന്ദേശത്തിന്റെ പ്രഘോഷകരാകാൻ ഈ വർഷത്തെ ഈസ്റ്റർ ആചരണം നമ്മെ സഹായിക്കട്ടെ.

ഉത്ഥാനത്തിലൂടെ ഈശോ നേടിയത് പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള വിജയമാണ്. ഈ കാലഘട്ടത്തിൽ ഉത്ഥാനത്തിരുനാൾ നമുക്ക് നൽകുന്ന സന്ദേശവും ഇത് തന്നെയാണ്. വി. പൗലോസ് ശ്ലീഹ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം വായിക്കുന്നു: "പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം

മരിച്ചവരാണെന്നും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ" (റോമ. 6:10-11).

പിശാചിന്റെ കെണിയിൽ നിന്നും പാപത്തിന്റെ ബന്ധനത്തിൽ നിന്നും മോചിതരാകാനുള്ള ആഗ്രഹവും പരിശ്രമവും നമ്മുടെ ആത്മീയജീവിതത്തിന്റെ ഭാഗമാകണം. പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കാനുള്ള ആത്മീയപക്വത ആർജ്ജിക്കേണ്ട അവസരമാണ് ഈസ്റ്റർ ആഘോഷ സമയം. ജീവിതത്തിൽ പുതിയ തീരുമാനങ്ങളെടുക്കാനും നന്മയുടെ പക്ഷം ചേർന്ന് ദൈവകരുണയുടെയും ദൈവസ്നേഹത്തിന്റെയും വക്താക്കളാകുവാനും ഈ കാലഘട്ടം നമുക്ക് പ്രയോജനപ്പെടുത്താം.

വി. യൗസേപ്പിതാവിന്റെ വർഷവും സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബവർഷവും ആചരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങളെ ദൈവസ്നേഹം കൊണ്ടും സഹോദരസ്നേഹത്തിൽ നിന്ന് ഉയിരെടുക്കുന്ന ആനന്ദംകൊണ്ടും സമൃദ്ധമാക്കാൻ പരിശ്രമിക്കാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

ഉത്ഥിതനായ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

## സർക്കുലർ

# സഭയുടെ മുഖം പ്രകാശിതമാക്കുന്ന യുവജനം

സ്നേഹം നിറഞ്ഞ യുവജനങ്ങളെ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ യുവജന വർഷത്തിൽ പുറപ്പെടുവിച്ച "ക്രിസ്തു ജീവിക്കുന്നു" (Christus Vivit) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ യുവജനങ്ങൾ 'ക്രിസ്തുവിന്റെ ഇന്ന്' എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ഈ കാലഘട്ടത്തിൽ വളരെ അർത്ഥപൂർണ്ണമായ ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിലും പ്രളയദുരിത കാലഘട്ടത്തിലും യുവജനങ്ങൾ 'ക്രിസ്തുവിന്റെ ഇന്ന്' ആയി മാറിക്കൊണ്ട് ജാതിമതഭേദമെന്യേ നിസ്വാർത്ഥമായ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഈശോയിൽ ഉറച്ചുനിന്നുകൊണ്ട് സഭാശുശ്രൂഷയുടെയും സേവനത്തിന്റെയും ഭാഗമായി യുവജനങ്ങൾ ഈശോയിലേക്ക് വളരുകയും മറ്റുള്ളവരെ വളർത്തുവാൻ പ്രയത്നിക്കുകയും ചെയ്യുന്ന കണ്ണികളായി മാറുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ 'യുവദീപ്തി- കെ.സി.വൈ.എം.' ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്.

കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞുകൊണ്ട് സാഹചര്യങ്ങളുടെ ആവശ്യമനുസരിച്ച് പ്രവർത്തിക്കുന്ന യുവജനങ്ങളുടെ പ്രവർത്തന പദ്ധതികൾ കൂടുതൽ ഊർജ്ജസ്വലമാകുവാനുള്ള കരുതലും തുറവിയും എന്നും സഭ പുലർത്തുന്നുണ്ട്. KCBC യുവജന കമ്മീഷന്റെയും സീറോമലബാർ സഭാസിനഡിന്റെയും തീരുമാനത്തിനനുസൃതമായി ഏതാനും ചില കാര്യങ്ങൾ അറിയിക്കുകയാണ്.

"ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക" എന്ന ആപ്തവാക്യവുമായി നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന യുവജനപ്രസ്ഥാനമാണ് "യുവദീപ്തി - കെ.സി.വൈ.എം., കോതമംഗലം രൂപത." ക്രൈസ്തവാദർശങ്ങളിലധിഷ്ഠിതമായി പ്രാർത്ഥന, പഠനം, സേവനം, സുവിശേഷപ്രഘോഷണം എന്നീ മാർഗങ്ങളിലൂടെ കത്തോലിക്കായുവജനങ്ങളുടെ സമഗ്രവളർച്ചയും സമൂഹത്തിന്റെ സമ്പൂർണ്ണവിമോചനവുമാണ് ഈ സംഘടനയിലൂടെ ലക്ഷ്യമിടുന്നത്. 12 ഫൊറോനകളി

ലായി 120 യൂണിറ്റുകളിൽ ഈ യുവജനപ്രസ്ഥാനം കോതമംഗലം രൂപതയിൽ സജീവമായി പ്രവർത്തിക്കുന്നു.

രൂപതാടിസ്ഥാനത്തിലുള്ള ഈ സംഘടന, കേരളകത്തോലിക്കാ മെത്രാൻ സമിതി (KCBC) യുവജനകമ്മീഷന്റെ കീഴിലുള്ള KCYM നോടും സീറോ മലബാർ സഭയുടെ യുവജനകമ്മീഷന്റെ കീഴിലുള്ള SMYM നോടും ഒരേ സമയം ബന്ധപ്പെട്ടിരിക്കുന്നു. KCYM എന്ന സംഘടന കേരളത്തിലെ മൂന്നു റീത്തുകളെയും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുമ്പോൾതന്നെ ഓരോ റീത്തിനും തനതായ യുവജന പ്രസ്ഥാനങ്ങൾ ഉണ്ട്. LCYM - Latin Catholic Youth Movement, MCYM- Malankara Catholic Youth Movement, SMYM - Syro-Malabar Youth Movement. കേരളത്തിലെ മൂന്ന് വ്യക്തി സഭകളിലെയും യുവജനസംഘടനകളുടെ കൂട്ടായ്മയായാണ് KCYM പ്രവർത്തിക്കുന്നത്.

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സിനഡനന്തര സർക്കുലർ (Pro. No. 0241/2021) അറിയിക്കുന്നതുപോലെ SMYM -ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ KCYM ന്റെ ഭാഗമാകുന്നത്. സീറോ മലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനുമിടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. 30 വയസ് പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസിൽ അംഗങ്ങളായിച്ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതേ പ്രായപരിധിതന്നെയാണ് ദേശീയ തലത്തിലുള്ള യുവജനസംഘടനയായ ICYM (Indian Catholic Youth Movement) ഉം അനുവർത്തിക്കുന്നത്. ആയതിനാൽ നമ്മുടെ രൂപതയിലും യുവദീപ്തി-KCYM -ൽ അംഗങ്ങളാകുന്നവരുടെ പ്രായപരിധി 15 വയസ്സ് മുതൽ 30 വയസ്സ് വരെ ആയിരിക്കും.

ഇനി മുതൽ 'യുവദീപ്തി - KCYM കോതമംഗലം രൂപത'യുടെ പ്രവർത്തനവർഷം ജൂൺ മാസത്തിൽ ആരംഭിച്ച് മെയ് മാസത്തിൽ അവസാനിക്കുന്നതാണ്. അതിനു മുന്നോടിയായി മെയ് മാസത്തിൽ രൂപതാവാർഷിക കൗൺസിൽ ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. അതിനുശേഷം ജൂൺമാസത്തിൽ ഫൊറോന, യൂണിറ്റ്തല തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതുമാണ്.

മുകളിൽ പ്രസ്താവിച്ച എല്ലാ തീരുമാനങ്ങളും യുവദീപ്തി - KCYM കോതമംഗലം രൂപതയുടെ നിയമാവലിയോട് കൂട്ടിച്ചേർക്കേണ്ടതും നിലവിലുള്ള കാര്യങ്ങൾക്ക് മാറ്റം വരുത്തേണ്ടതുമാണ്.

രാജാവിനേക്കാളധികമായി ദൈവത്തിന്റെ വിശ്വസ്തദാസനായി ജീവിക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത യുവജനമദ്ധ്യസ്ഥൻ വി. തോമസ് മൂറിനെപ്പോലെ ദൈവത്തിനും സഭയ്ക്കും സമൂഹത്തിനും വേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടവരാണ് യുവജനങ്ങൾ. ഈ ദൗത്യം ഏറ്റെടുത്തുകൊണ്ട് പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ മുൻപന്തിയിൽ നിന്നു പ്രവർത്തിക്കുന്ന യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികളെയും എല്ലാ യുവജനങ്ങളെയും ഹൃദയപൂർവം അഭിനന്ദിക്കുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. യുവജനങ്ങളോടൊപ്പമിരുന്ന് അവരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ ശ്രദ്ധചെലുത്തുന്ന യൂണിറ്റ്, ഫൊറോന ഡയറക്ടറച്ചന്മാരെയും അസി. ഡയറക്ടറച്ചന്മാരെയും ആനിമേറ്റേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു. ഈശോയുടെ സ്നേഹത്തിന്റെയും കരുണയുടെയും പ്രഘോഷകരായി സഭയുടെ ധീരപ്രേഷിതരായിത്തീരാൻ സർവശക്തനായ ദൈവം എല്ലാ യുവതീയുവാക്കളെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2021 ഏപ്രിൽ 18-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## C.19/2021 കോതമംഗലം രൂപതയിലെ ഈ വർഷത്തെ പ്രത്യേക തീർത്ഥാടനകേന്ദ്രങ്ങൾ

| | |
|---|---|
| വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോട നുബന്ധിച്ചുള്ള തീർത്ഥാടനകേന്ദ്രങ്ങൾ | ✠ സെന്റ് ജോസഫ് ചർച്ച്, മാറിക<br>✠ സെന്റ് ജോസഫ് ചർച്ച്, നെല്ലിമറ്റം<br>✠ സെന്റ് ജോസഫ് ചർച്ച്, പെരിങ്ങഴ |
| സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബവർഷാ ചരണത്തോടനുബന്ധിച്ചുള്ള തീർത്ഥാടനകേന്ദ്രം | ✠ ഹോളിഫാമിലി ചർച്ച്, ബത്‌ലേഹം |

## C. 20/2021 New Appointment

Fr. Zacharias Kallidukkil - Administrator Nirmala College of MCA & Nirmala Civil Service Academy

*Bishop*

## C.21/2021 അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ് അല്ലെങ്കിൽ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2021 ഏപ്രിൽ 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. അന്നേ ദിവസം രൂപതാവൈദികരുടെ മാസധ്യാനം രാവിലെ

10.00 മുതൽ 11.30 വരെ മൂവാറ്റുപുഴ NESTT-ൽ നടക്കുന്നു. ബഹു. വൈദികരെല്ലാവരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

### *C. 22/2021* മ്ശംശാന പട്ട സ്വീകരണം

നമ്മുടെ രൂപതക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന തെന്നത്തൂർ ഇടവക കല്ലറയ്ക്കൽ ജെയിംസ്, കുട്ടമ്പുഴ ഇടവക കുന്നുംപുറത്ത് ജോസ്, പള്ളിക്കാമുറി ഇടവക കുരീക്കാട്ടിൽ കുര്യൻ, ഉടുമ്പന്നൂർ ഇടവക മഞ്ഞക്കടമ്പിൽ കുര്യാക്കോസ്, പന്നിമറ്റം ഇടവക കണയാങ്കൽ ജോൺ, കരിമണ്ണൂർ ഇടവക രാമനാട്ട് മാത്യു, തൊടുപുഴ ഇടവക വെട്ടിക്കുഴിച്ചാലിൽ ജോസഫ്, ബസ്ലേഹം ഇടവക മെതിപ്പാറ സ്കറിയ, കോട്ടപ്പടി ഇടവക ചേറ്റൂർ കുര്യൻ എന്നിവർ 2021 ഏപ്രിൽ 26-ാം തീയതി രാവിലെ 10.30-ന് കോതമംഗലം രൂപത മൈനർ സെമിനാരിയിൽ വച്ച് മ്ശംശാന പട്ടം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Syncellus*

### *C. 23/2021* ദൈവകരുണയുടെ തിരുനാളിന് ഒരുക്കമായുള്ള നൊവേന

ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഞായർ (പുതുഞായർ) ദൈവകരുണയുടെ തിരുനാളായി ആഗോളസഭ ആചരിക്കുന്ന പതിവുണ്ട്. ഈ തിരുനാളിന് ഒരുക്കമായി ദുഃഖവെള്ളിയാഴ്ച മുതൽ പുതുഞായർ വരെയുള്ള ദിവസങ്ങളിൽ ദൈവകരുണയുടെ നൊവേന ചൊല്ലി പ്രാർത്ഥിക്കുന്നത് ഉചിതമാണ്. തിരുനാൾ ഒരുക്കദിവസങ്ങളിൽ ചൊല്ലാനുള്ള നൊവേന തലേദിവസം തന്നെ നമ്മുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ നൽകുന്നതാണ്. ഈ ദിവസങ്ങളിൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ നിന്നും അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിലുള്ള പരിശുദ്ധ കുർബാനയും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ദൈവകരുണയുടെ നൊവേനയും ശാലോം, ഷെക്കീന, ഗുഡ്നെസ്സ് എന്നീ ചാനലുകൾ സംപ്രേഷണം ചെയ്യുന്നതാണ്.

### *Pr.C.3/2021* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, 2021 April 13, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2021 April 10.

*Secretary*

*PC. 4/2021* **Meeting of the Pastoral Council**

The first meeting of the newly constituted Pastoral Council will be held on **Saturday, 2021 April 17, from 10.00 am to 1.00 pm** at NESTT Pastoral Centre Muvattupuzha. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2021 April 14.

*Secretary*

*JS. 2/2021* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2021 ഏപ്രിൽ 30-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരീക്ഷാതീയതി പിന്നീട് അറിയിക്കുന്നതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel. 0485 -2862236

*Chancellor*

*C. 24/2021* **Nirmala Civil Service Academy**

രൂപതയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ വിവിധ മത്സരപരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നതിന് Nirmala Civil Service Academy ആരംഭിക്കുന്നു.

**Diocesan Scholarship**

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Civil Service Coaching നടത്തുന്ന പ്രശസ്തമായ ALS Academy-യും കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിലുള്ള Nirmala Civil Service Academy-യും സംയുക്തമായി സിവിൽ സർവീസ് പരീക്ഷയ്ക്ക് കുട്ടികൾക്ക് 'Diocesan Scholarship' എന്ന പേരിൽ സ്കോളർഷിപ്പ് നൽകുവാൻ തീരു

മാനിച്ചിട്ടുണ്ട്. 2021 മെയ് 08-ന് നടത്തുന്ന പ്രവേശനപരീക്ഷയുടെയും തുടർന്നു വരുന്ന ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് നിർണ്ണയം നടത്തിയാണ് സ്കോളർഷിപ്പ് നൽകുന്നത്. അവസാനവർഷ ഡിഗ്രി പഠിക്കുന്നവരെയും പാസ്സായവരെയുമാണ് പ്രതീക്ഷിക്കുന്നത്.

**Syllabus**

സൺഡേ സ്കൂൾ X, XI, XII ക്ലാസ്സുകളിലെ
പാഠപുസ്തകം – 50% മാർക്ക്

പൊതുവിജ്ഞാനം – 50% മാർക്ക്

**റാങ്കുകൾ**

ആദ്യത്തെ രണ്ടു റാങ്കുകൾ നേടുന്ന കുട്ടികൾക്ക് ഡൽഹി ALS -ൽ താമസിച്ച് മുഴുവൻ ഫീസിളവും (രണ്ട് ലക്ഷം), ഹോസ്റ്റൽ ഫീസിൽ 50 ശതമാനവും ഇളവ് നൽകി പരിശീലനം നൽകുന്നു.

**75% ഫീസിളവ്**

3 മുതൽ 12 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 75% ഫീസിളവ് നൽകി (നിർമ്മലയിലെ ഫുൾ ഫീസ് ₹1,10,000) മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**50% ഫീസിളവ്**

13 മുതൽ 27 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 50% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Civil Service Academy-യിൽ പരിശീലനം നൽകുന്നു.

**മറ്റ് പരിശീലന പദ്ധതികൾ**

KAS, Staff Selection Commission, PSC, Indian Railways എന്നിവ നടത്തുന്ന മത്സരപരീക്ഷകൾക്കും Nirmala Civil Service Academy പരിശീലനം നൽകുന്നു.

for details contact : Fr Zacharias Kallidukkil

*Chancellor*

*C. 25/2021* **Cataract സർജറിക്കുള്ള സഹായം**

മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റൽ സുവർണ്ണ ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് നിർദ്ധനരായ 100 തിമിര രോഗികൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ Cataract സർജറി ചെയ്യു

ന്നതിനുള്ള സഹായം ലഭ്യമാക്കുന്നു. അർഹരായ, ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 രോഗികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാക്കുക. കൂടുതൽ വിവരങ്ങൾക്ക് കണ്ണിന്റെ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുക: Ph. 9447189606, 8281757633

*Chancellor*

### *C. 26/2021* ഓഡിറ്റിംഗ്

മെയ് മാസം 11, 12 തീയതികളിൽ ആദ്യഭാഗം ഓഡിറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. മുൻകാലങ്ങളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കണക്കുകൾ ഓഡിറ്റിംഗിനായി ക്രമീകരിക്കുമല്ലോ. ഓഡിറ്റിംഗ് സമയം പള്ളികളിൽ നേരിട്ട് അറിയിക്കുന്നതാണ്.

*Procurator*

### *C. 27/2021* Mass Wine

വീഞ്ഞ് വാങ്ങുവാൻ വരുമ്പോൾ 'കാലിക്കുപ്പികൾ' തിരികെ ഏല്പിക്കേണ്ടതാണ്.

*Procurator*

### *C. 28/2021* ആരക്കുഴ ഫൊറോനപള്ളി, മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്ര പ്രഖ്യാപനം

ആരക്കുഴ ഫൊറോന പള്ളി 2021 ഏപ്രിൽ 8-ന് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെടുകയാണ്. ഇനിമുതൽ ഈ പള്ളി ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമെന്നും ഇവിടുത്തെ വികാരി ആർച്ച് പ്രീസ്റ്റ് എന്നുമായിരിക്കും അറിയപ്പെടുക.

*Bishop*

### സെന്റ് മേരീസ് ഫൊറോനപള്ളി, ആരക്കുഴ - ചരിത്രം

പൗരാണികതയും പൈതൃകവും പഴങ്കഥയായി തോന്നിയേക്കാവുന്ന ആധുനികയുഗത്തിൽ, അവയുടെ പ്രഭാകിരണങ്ങൾക്ക് തങ്കത്തേക്കാൾ മൂല്യമേറും എന്നതിന് ഉത്തമ ഉദാഹരണമാണ് മധ്യകേരളത്തിൽ സ്ഥിതി ചെയ്യുന്ന ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളി. ആയിരം മാപ്പിളമാർക്കുവേണ്ടി ആയിരത്തിൽ വച്ച പള്ളി എന്നാണ് ആരക്കുഴ പള്ളിയെപ്പറ്റി പറയുന്നത്. യഥാർത്ഥത്തിൽ പള്ളി സ്ഥാപിച്ചത് 999-ൽ ആണ് (അന്ന് ആയിരം ക്രൈസ്തവ കുടുംബങ്ങൾ ഇവിടെ ഉണ്ടായി

രുന്നു.) കീഴ്മലൈനാട് രാജ്യത്തിലും പിന്നീട് വടക്കുംകൂറ് രാജ്യത്തിലും ഉൾപ്പെട്ടിരുന്ന ഒരു സുപ്രധാന ക്രൈസ്തവസമൂഹമാണ് ഇവിടെയുണ്ടായിരുന്നത്.

ആരക്കുഴ എന്ന പേരിന്റെ അർത്ഥം സമൃദ്ധമായ വലിയ പ്രദേശം എന്നാണ്. ആര, കുഴൈ എന്നീ തമിഴ് പദങ്ങൾ ചേർന്ന പേരാണിത്. തൊടുപുഴയാറിന്റെ തീരത്താണ് ആരക്കുഴ കരയും പള്ളി ഇരിക്കുന്ന സ്ഥലവും ഉൾപ്പെടുന്നത്. ഫലഭൂയിഷ്ഠമായ ഭൂമി, നദിയിലൂടെ ചെന്നെത്താവുന്ന സ്ഥലങ്ങൾ, വിശാലമായി കിടക്കുന്ന മലയിടുക്കുകൾ എന്നിവ നിറഞ്ഞതാണ് ആരക്കുഴ പ്രദേശം.

എ.ഡി. എട്ടാം നൂറ്റാണ്ടിന് മുമ്പ് ആരക്കുഴ പ്രദേശത്ത് പല കരകളിലായി കുറേ ക്രിസ്ത്യാനികൾ കുടിയേറി. വടക്കൻ പറവൂരിൽ നിന്നു വന്ന എടമന ഇല്ലക്കാരാണ് ഇവിടുത്തെ ആദ്യകാല ക്രിസ്ത്യാനികൾ എന്നാണ് കരുതപ്പെടുന്നത്. ആരക്കുഴയിലേക്ക് ക്രിസ്ത്യാനികളുടെ യഥാർത്ഥ കുടിയേറ്റം നടന്നത് കുറവിലങ്ങാട് ഇടവകയിൽ നിന്നാണ്. കാടുകൾ തെളിച്ച് കൃഷി ചെയ്യാൻ വേണ്ടിയാണ് ഈ കുടുംബങ്ങൾ കുടിയേറിയത്. അന്ന് പ്രാർത്ഥിക്കുവാനും മൃതരെ സംസ്കരിക്കുവാനും 7-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഇടമനക്കുരിശാണ് ഉണ്ടായിരുന്നത്. മൈലക്കൊമ്പ് പള്ളിയായിരുന്നു അന്നത്തെ പൊതു ഇടവക. അതിനുശേഷം 8-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ കടമറ്റം പള്ളി സ്ഥാപിക്കപ്പെട്ടു. ഈ രണ്ടു പള്ളികളിലും ചെന്നു ചേരുക എളുപ്പമല്ല എന്ന് മനസ്സിലാക്കിയ റാത്തപ്പിള്ളിൽ മുത്തി എന്ന ധനിക കുടുംബനായികയാണ് ആരക്കുഴയിൽ പള്ളി സ്ഥാപിച്ചത്. ഇന്നത്തെ സെന്റ് ജോസഫ്സ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നിടത്താണ് അന്ന് പള്ളി സ്ഥാപിക്കപ്പെട്ടത്. ആരക്കുഴ പള്ളി എന്ന സങ്കല്പം ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. എടമന കുരിശുപള്ളി ഇന്ന് ആരക്കുഴ പള്ളിയുടെ ഒരു കുരിശുപള്ളിയായി സ്ഥിതിചെയ്യുന്നു.

ആരക്കുഴ പള്ളി, ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് 1780-നോട് അടുത്ത കാലത്താണ് മാറ്റി പണിയപ്പെട്ടത്. ഇപ്പോഴത്തെ പള്ളി കടമറ്റം പള്ളിയുടെ അളവെടുത്താണ് പണിതത്. പക്ഷേ കടമറ്റം പള്ളിയുടെ ഉള്ളളവാണ് ലഭിച്ചത്. തന്മൂലം ആരക്കുഴ പള്ളി കടമറ്റം പള്ളിക്ക് ഉള്ളിൽ ഇറങ്ങുമെന്ന് പറയാറുണ്ട്. യൂറോപ്യൻ രീതിയിലുള്ള മുഖവാരത്തോടുകൂടിയ പഴയ പള്ളികളിൽ ഒന്നാണ് ആരക്കുഴ പള്ളി. പഴയകാലത്തെ ഇറത്താഴ് (സാക്ഷ), പുഷ്പം (പ്രസംഗപീഠം), വെന്തോസ,

കത്ത്സാൾ, റംശേത്തി (പലകയിൽ കൊത്തിയ വർണ്ണപൂക്കൾ) മുതലായവയും ഇലച്ചാറും പഴച്ചാറും ചേർത്ത പഴയ പെയിന്റിംഗും പഴമയാർന്ന ഓയിൽ പെയിന്റിംഗുകൾ, ചന്ദനത്തടിയിൽ തീർത്ത മെഴുകുതിരി കാലുകൾ, തങ്കപ്പൊടി പൂശിയ തടിയിൽ തീർത്ത പൂക്കൾ, കലാചാരുത വിളിച്ചോതുന്ന രൂപങ്ങൾ എന്നിവ ഇവിടെ കാണുന്ന അമൂല്യനിധികൾ തന്നെയാണ്.

ആരക്കുഴ പള്ളിയുടെ പ്രൗഢിയും പൗരാണികതയും വിളിച്ചോതുന്നതാണ് ഇവിടെ കാണുന്ന അൾത്താര. വളരെ ചുരുക്കം ചില പള്ളികളിൽ മാത്രമേ തങ്കം പൂശീയ അൾത്താരയും പ്രസംഗ പീഠവും (പുഷ്പം) ഉള്ളൂ. ഈ പള്ളിയുടെ പ്രധാന അൾത്താര പോർച്ചുഗലിൽ പണിത് കപ്പൽ മാർഗ്ഗം കൊച്ചിയിൽ എത്തിച്ച് അവിടെ നിന്ന് പുഴ വഴി ആരക്കുഴയിൽ എത്തിച്ചതാണ്. പ്രധാന അൾത്താരയ്ക്കു പുറമേ തങ്കം പൂശിയ ചിത്രപ്പണികളോടുകൂടിയ രണ്ട് ചെറിയ അൾത്താരകളും ഇവിടെ കാണാം. 1909-ൽ അൾത്താരയുടെ തറയും പദവികളും പള്ളിയിലേക്കുള്ള പടവുകളും ആനവാതിൽക്കലുള്ള ചവിട്ടുപടികളും കരിങ്കല്ലു കീറി നിരത്തിയതായി താളിയോലകളിൽ കാണുന്നു. രാജകൊട്ടാരങ്ങളിലും രാജപദവി ലഭിച്ചിട്ടുള്ള പള്ളികളിലും മാത്രമേ അന്ന് ഇപ്രകാരം കല്ലുകീറി നിരത്തുവാനായി അനുവാദമുണ്ടായിരുന്നുള്ളൂ. രാജാവിന്റെ പ്രത്യേകാനുമതിപ്രകാരം സ്ഥാപനങ്ങളിലും വീടുകളിലും ഇപ്രകാരം ചെയ്യുവാൻ അനുവാദം കൊടുത്തിരുന്നു. രാജപദവി കല്പിച്ചുകൊടുത്തുകൊണ്ടായിരുന്നു ഇങ്ങനെ അനുവദിച്ചിരുന്നത്. ആരക്കുഴ പള്ളിയുടെ കൊട്ടിയാംപടി അന്നത്തെ പ്രൗഢി വിളിച്ചോതുന്നതാണ്.

2012 ഒക്ടോബർ 14-ന് ആരക്കുഴ പള്ളിയും മലേക്കുരിശുപള്ളിയും ഒരു തീർത്ഥാടന കേന്ദ്രമായി മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് പ്രഖ്യാപിച്ചു. മലയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന കുരിശുപള്ളി ആയതിനാൽ മലേക്കുരിശ് എന്ന പേരിൽ ഈ പള്ളി അറിയപ്പെടുന്നു.

1800-നും 1810-നും ഇടയിൽ സ്ഥാപിതമായ മലേക്കുരിശുപള്ളി വി. സെബസ്ത്യാനോസിന്റെ നാമത്തിലാണ്. പ്ലേഗ്, കോളറ, മലമ്പനി മുതലായ പകർച്ചവ്യാധികൾ വ്യാപകമായ നാളുകളിൽ സമീപ പ്രദേശങ്ങളിൽനിന്നുള്ള ക്രൈസ്തവരുടേയും അക്രൈസ്തവരുടേയും അഭയകേന്ദ്രമായിരുന്നു ഈ മലേക്കുരിശുപള്ളി.

മലേക്കുരിശിന്റെ അടിവാരത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന കപ്പേള വി. അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ സംരക്ഷിക്കപ്പെടുന്നു. എടമനകപ്പേളയിൽ നിന്നു കൊണ്ടുവന്ന ഒറ്റക്കല്ലിൽ തീർത്ത കുരിശ് ഇവിടെ സൂക്ഷിച്ചിരിക്കുന്നു. പരി. കന്യകാമറിയത്തിന്റെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആരക്കുഴ മാളികപീടിക കപ്പേളയും ദൈവ സാന്നിധ്യത്തെ വിളിച്ചോതുന്നതാണ്.

എ.ഡി. 1770–നോട് അടുത്ത് ആരക്കുഴ പ്രദേശത്ത് കൊടും വരൾച്ച ഉണ്ടായതിനേക്കുറിച്ച് ഒരു ചരിത്രം നിലനിൽക്കുന്നു. പൂത്തട്ടേൽ ഉണ്യാതിരി എന്ന നാട്ടുപ്രമാണിയുടെ ആൾക്കാർ ആരക്കുഴ പള്ളിയിൽ അഭയം തേടിയ ഒരു കീഴ്ജാതിക്കാരനെ പള്ളിയുടെ ആനവാതിൽക്കൽ വച്ചു വധിച്ചു. അതേ തുടർന്നുണ്ടായ വരൾച്ചയ്ക്ക് പരിഹാരമായി നടത്തിയ പാച്ചോർ നേർച്ചയുടെ ഫലമായി മഴ പെയ്യുകയും വരൾച്ച അവസാനിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയെന്ന വണ്ണം ആഗസ്റ്റ് 15–ാം തീയതി ഇന്നും പാച്ചോർ നേർച്ച നടത്തി വരുന്നു.

ആരക്കുഴ പള്ളിയിൽ ആഘോഷപൂർവ്വം നടത്തിയിരുന്ന രക്തസാക്ഷിയായ വി. ശിമയോൻ ബർസബയുടെ തിരുനാൾ കുംഭം 8–ാം തീയതിയാണ് ആചരിച്ചിരുന്നത്. എട്ടാം തീയതി തിരുനാൾ എന്നാണ് പരമ്പരാഗതമായി ഇതറിയപ്പെട്ടിരുന്നത്. ഇപ്പോൾ ഇടവകമധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെയും രക്തസാക്ഷിയായ ശിമയോൻ ബർസബ എപ്പിസ്കോപ്പയുടെയും തിരുനാൾ ഫെബ്രുവരി മാസം 17, 18 തീയതികളിൽ സംയുക്തമായിട്ടാണ് ആചരിക്കുന്നത്. ശിമയോൻ ബർസബയുടെ തിരുനാൾ ആഘോഷിക്കുന്ന കേരളത്തിലെ തന്നെ രണ്ട് പള്ളികളിൽ ഒന്നാണ് ആരക്കുഴ പള്ളി.

ആരക്കുഴ പള്ളിയിലേക്ക് അനേകരെ ആകർഷിച്ചിരുന്ന ഒരു ഭക്തകൃത്യമായിരുന്നു നോമ്പുകാലത്ത് വെള്ളിയാഴ്ചകളിൽ നടത്തിയിരുന്ന പങ്കപ്പാട് പ്രാർത്ഥനകൾ. നാല്പതാം വെള്ളിയാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ഈ ചടങ്ങിൽ സംബന്ധിക്കുന്നതിനായി നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ആളുകൾ എത്തിയിരുന്നു. 1767–ൽ റോമിൽ നിന്നു വൈദിക പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ കരിയാറ്റിൽ ഔസേഫ് മൽപ്പാൻ റോമിൽ നിന്നു കൊണ്ടുവന്ന വിശുദ്ധ കുരിശിന്റെ ഒരംശം ആരക്കുഴ പള്ളിയിൽ സൂക്ഷിച്ചിട്ടുള്ളത് ഇന്നും ദുഃഖവെള്ളിയാഴ്ച പരസ്യവണക്കത്തിനായി ഉപയോഗിച്ചുവരുന്നു. ഈ ചടങ്ങുകൾക്കു

പയോഗിച്ചിരുന്ന വിയാസാക്രയും ധ്യാനവും പ്രാർത്ഥനകളും അടങ്ങിയ പുസ്തകം അതിന്റെ ഭാഷാരീതികൊണ്ട് ഒന്നര ശതാബ്ദത്തിൽ കൂടുതൽ പഴക്കമുള്ളവയാണ് എന്നു കാണാം. 8-ാം തീയതി പെരുന്നാളിന്റെ അന്നെന്നപോലെ ആരക്കുഴ പള്ളിയും പരിസരവും ഒരു കമ്പോളമായി മാറിയിരുന്ന ഒരു അവസരമായിരുന്നു 40-ാം വെള്ളിയാഴ്ച. പെസഹാ ആചരണത്തിനാവശ്യമായ ഉഴുന്ന്, ശർക്കര, പുത്തൻകലം തുടങ്ങി ഒരു വർഷത്തേയ്ക്ക് ആവശ്യമായ വിവിധ വീട്ടുപകരണങ്ങൾ വരെ ആളുകൾ വാങ്ങിയിരുന്നത് പള്ളി പരിസരത്തുള്ള ഈ കമ്പോളത്തിൽ നിന്നായിരുന്നു.

പുതുഞ്ഞായറാഴ്ച (മുപ്പിട്ട തിരുനാൾ) തിരുനാൾ മലേക്കുരിശ് പള്ളിയിൽ ആഘോഷിച്ചു തുടങ്ങിയത് 1957-ന് ശേഷമാണ്.

പുണ്യചരിതരുടെ സാന്നിദ്ധ്യവും പാദസ്പർശവും ഏറ്റുവാങ്ങിയ ചരിത്രഭൂമിയാണ് ആരക്കുഴ.

**പ്രംസിസ്ക ശൗരിയാർ (എ.ഡി. 1720-1770)**

സംസ്കൃത പണ്ഡിതനും പ്രേഷിതനുമായ ആർണോസ് പാതിരി മാനസാന്തരപ്പെടുത്തിയ ഒരു നമ്പൂതിരി യുവാവാണ് പ്രംസിസ്ക ശൗരിയാർ. മാനസാന്തരപ്പെട്ട അദ്ദേഹം ഒരു വൈദികനായി പല പള്ളികളിലും ശുശ്രൂഷകൾ നിർവഹിച്ചു. ആരക്കുഴ പള്ളിയിൽ വികാരിയായിരിക്കെ അദ്ദേഹം പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ മൃതശരീരം പള്ളിയുടെ സിമിത്തേരിയിൽ സംസ്കരിച്ചു. ഈ പുണ്യചരിതന്റെ മാദ്ധ്യസ്ഥ്യം വഴി പല അനുഗ്രഹങ്ങളും സാധിച്ചതായി സാക്ഷ്യങ്ങൾ ഉണ്ട്.

**പുണ്യശ്ലോകനായ ഫാ. ജേക്കബ് ഓണാട്ട് (1868-1949)**

ആരക്കുഴ ഇടവകാംഗമായ ഫാ. ജേക്കബ് ഓണാട്ട് നിരന്തരമായ പ്രാർത്ഥനയുടെയും പാവങ്ങളോടുള്ള സഹാനുഭൂതിയുടെയും ആൾരൂപമായിരുന്നു. 1895-ൽ വൈദികപട്ടം സ്വീകരിച്ച അദ്ദേഹം 7 പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് നീണ്ട 18 വർഷക്കാലം ആരക്കുഴ പള്ളിയിൽ വിശ്രമജീവിതം നയിച്ച അച്ചന്റെ മാദ്ധ്യസ്ഥ്യം വഴി ഉദ്ദിഷ്ടകാര്യങ്ങൾ നടത്തിക്കിട്ടുന്നു. അദ്ദേഹത്തിന്റെ കബറിടത്തിലേക്ക് വിശ്വാസികൾ മാദ്ധ്യസ്ഥ്യം യാചിച്ച് എത്തുന്നു. ജനുവരി 20-ന് ഓണാട്ടച്ചന്റെ ശ്രാദ്ധം നടത്തിവരുന്നു.

## ധന്യൻ ഫാ. വർഗീസ് പയ്യപ്പിള്ളി

SD സന്യാസസഭയുടെ സ്ഥാപകൻ ദൈവദാസൻ വർഗീസ് പയ്യപ്പിള്ളി അച്ചൻ 1920-1922 കാലഘട്ടത്തിൽ ആരക്കുഴ പള്ളിയിൽ സേവനം അനുഷ്ഠിച്ചു. അച്ചന്റെ പരിശ്രമഫലമായിട്ടാണ് മീങ്കുന്നം ഇടവകയും സെന്റ് മേരീസ് സ്കൂളും സ്ഥാപിതമായത്.

## വി. ചാവറയച്ചന്റെ പാദസ്പർശമേറ്റ പുണ്യഭൂമി

1831-ൽ ചാവറയച്ചൻ മാന്നാനം ആശ്രമം പണിപൂർത്തിയാക്കാനുള്ള തടിയന്വേഷിച്ച് അന്നത്തെ അറിയപ്പെടുന്ന ക്രൈസ്തവ കേന്ദ്രങ്ങളിലൊന്നായ ആരക്കുഴ വന്നതും, ആരക്കുഴ പള്ളിയിൽ താമസിക്കുന്നതുമായ വിവരങ്ങൾ ചാവറയച്ചൻ തന്നെ അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം 1 - നാളാഗമങ്ങൾ പേജ് 38)

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

കോതമംഗലം രൂപതയുടെ മൂന്നാമത്തെ മെത്രാനായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് 2010 മെയ് മുതൽ 2013 ജനുവരി വരെ ആരക്കുഴ പള്ളി വികാരിയായിരുന്നു. ആരക്കുഴ പള്ളിയുടെ വികാരിയായിരുന്ന കാലത്താണ് അദ്ദേഹം കോതമംഗലം രൂപതയുടെ മെത്രാനായി നിയുക്തനാകുന്നത്.

കേരളത്തിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും ഭാരതത്തിനു പുറത്തും സന്യാസികളെയും അല്മായ പ്രേഷിതരെയും രാഷ്ട്രീയ നേതാക്കളെയും ആരക്കുഴ ഇടവകയുടെ 'പുരാതന തറവാട്' പ്രദാനം ചെയ്തിട്ടുണ്ട്. കോതമംഗലം രൂപതയുടെ പ്രഥമാദ്ധ്യക്ഷനായ മാർ മാത്യു പോത്തനാമുഴി ആരക്കുഴ ഇടവകയുടെ വീരസന്താനമായിരുന്നു എന്നതിലും ഇടവകയ്ക്ക് അഭിമാനിക്കാം.

## ആരക്കുഴയിലെ ഇതരസ്ഥാപനങ്ങൾ

1895 ഫെബ്രുവരി 9-ാം തീയതി ആരക്കുഴ കർമ്മലീത്താ മഠം വെഞ്ചരിപ്പുകർമ്മം നടത്തി. 1960 നവംബർ 19-ാം തീയതി കുരിശ്കുന്നുംപുറത്ത് പള്ളി വക കെട്ടിടം ധർമ്മഗിരി സിസ്റ്റേഴ്സിന് ആശുപത്രി തുടങ്ങുന്നതിനായി നൽകി.

ഈ പ്രദേശത്ത് വിദ്യാഭ്യാസം, ആതുരസേവനം എന്നിവ ആരംഭിച്ചത് ആരക്കുഴ പള്ളിയാണ്. ഇന്നു കാണുന്ന പള്ളി പണിത കാലത്തു തന്നെ പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിച്ചിരുന്നു. ഇന്ന് ആരക്കുഴ ഇടവകയിൽ ഒരു ഹയർസെക്കന്ററി സ്കൂളും, രണ്ട് ഹൈസ്കൂളുകളും, 2 യു.പി. സ്കൂളുകളും ഒരു എൽ.പി. സ്കൂളും, 1 നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത സംഭരണത്തിനും ഗുണമേന്മയുള്ള കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനുമായി "AAPCOS" എന്ന പേരിൽ ഒരു സഹകരണസ്ഥാപനം ഇന്ന് ആരക്കുഴയിൽ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് വേണ്ടിയുള്ള ഈ സ്ഥാപനത്തിൽ മായം കലരാത്ത ഭക്ഷ്യസാധനങ്ങൾ ലഭ്യമാണ്.

ആരക്കുഴയുടെ സവിശേഷതകൾ എത്ര പറഞ്ഞാലും തീരില്ല. താളിയോലകളിൽ എഴുതപ്പെട്ട രേഖകൾ, ആനക്കൊമ്പിൽ തീർത്ത വെൺക്രൂശിതരൂപം, ചന്ദനത്തിരിക്കാലുകൾ, വെള്ളിയിൽ തീർത്ത ധൂപക്കുറ്റികൾ, വി. കുരിശിന്റെ തിരുശേഷിപ്പ്, പുരാതനമായ കുർബാന ക്കുപ്പായങ്ങൾ, ഹന്നാൻ വെള്ളം സൂക്ഷിക്കുന്ന വെങ്കലത്തിൽ തീർത്ത പാത്രം, ദുഃഖവെള്ളിയാഴ്ച ഉപയോഗിക്കുന്ന കർത്താവിന്റെ വലിയ രൂപം, കുരിശിന്റെ വഴി നടത്തുവാൻ (പങ്കപ്പാടുവായന) ഉപയോഗിക്കുന്ന ചിത്രങ്ങൾ എന്നിവ ഇന്നും സൂക്ഷിക്കുന്ന അമൂല്യനിധികൾ ആണ്.

ചരിത്രം കാത്തുസൂക്ഷിക്കുന്ന നിക്ഷേപങ്ങൾ പേറുന്ന ആലയമാണ് ആരക്കുഴയിലെ സെന്റ് മേരീസ് ഫൊറോന പള്ളി. ക്രൈസ്തവവിശ്വാസത്തിന്റെ പൊലിമ സൂക്ഷിക്കുന്നതിനോടൊപ്പം ഈ നാടിന്റെ നന്മയുടെ കെടാവിളക്കായി ഇത് ഇന്നും നിലകൊള്ളുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഈ പൈതൃക സമ്പത്ത് കാണാനും കേൾക്കാനും അനേകർ കടന്നുവരുവാനും, വിശ്വാസത്തിന്റെ ഈ പിതൃസ്വത്ത് പൂജ്യമായി കാത്തുസൂക്ഷിക്കാനും അങ്ങനെ അനേകർക്ക് വഴിവെളിച്ചമായി തീരുവാനും ആരക്കുഴ പള്ളിയുടെ ചരിത്രം കാരണമാകട്ടെ.

# മൈനർ സെമിനാരി

*MS 9/2021* **വൊക്കേഷൻ ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. ആന്റണി വിളയപ്പിള്ളിൽ – Ph. 8078823782) ബന്ധപ്പെടുമല്ലോ.

*MS 10/2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benefactor | ₹ | 20,000 |
| 2 | One Benefactor | ₹ | 25,000 |
| 3 | One Benefactor | ₹ | 5,000 |
| 4 | Very Rev. Fr. Joseph Mulanjanany | ₹ | 10,000 |
| 5 | Jose Nirappel, Thodupuzha East | ₹ | 50,000 |
| 6 | Gelthrude Karithadathil, Karimannoor | ₹ | 6,000 |
| 7 | One Benefactor | ₹ | 50,000 |
| 8 | One Benefactor | ₹ | 20,000 |
| 9 | One Benefactor | ₹ | 20,000 |

*Rector*

# വിജ്ഞാനഭവൻ

*V. 14/2021* **ടീച്ചേഴ്സ് സെമിനാർ – അഭിനന്ദനങ്ങളും നന്ദിയും**

ഫൊറോന തലത്തിൽ മാർച്ച് 15, 16, 17, 22, 23, 24 തീയതികളിൽ നടന്ന ടീച്ചേഴ്സ് സെമിനാറിൽ പങ്കെടുത്ത വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. 1350 വിശ്വാസപരിശീലകർ ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സെമിനാറുകളിൽ പങ്കെടുത്ത് സന്ദേശം നൽകി.

### *V. 15/2021* **ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി മീറ്റിംഗ്**

രൂപതാക്യാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ വാർഷികയോഗം 2021 ഏപ്രിൽ 21 ബുധനാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ച് കൂടുന്നതാണ്. കമ്മിറ്റി അംഗങ്ങളെല്ലാവരും മുടക്കം കൂടാതെ സംബന്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

### *V. 16/2021* **രണ്ടാം സെമസ്റ്റർ പരീക്ഷ**

10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും (മാർക്കും ഇന്റേണൽ മാർക്കും സൈറ്റിൽ എന്റർ ചെയ്ത് പ്രിന്റ് എടുക്കുക.) രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 24-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 24-ാം തീയതി മാത്രമേ എത്തിക്കാവൂ.)

റിസൽട്ട് - മെയ് 3 തിങ്കൾ. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 20-ന് അവസാനിക്കുന്നതാണ്.

ഏപ്രിൽ 24-ാം തീയതിക്കുശേഷം സൈറ്റിൽ മാർക്ക് എന്റർ ചെയ്യാൻ സാധിക്കുന്നതല്ല.

Std I - IX, XI ക്ലാസ്സുകളിലെ കുട്ടികളുടെ മാർക്ക് ഏപ്രിൽ 30-ന് മുമ്പ് എന്റർ ചെയ്യണം. പിന്നീട് ചെയ്യാൻ സാധിക്കുന്നതല്ല.

### *V. 17/2021* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2021 മെയ് 3 മുതൽ 10 വരെ.**

**പരീക്ഷ : മെയ് 16 ഞായർ**

സമയം : 11.00 am - 01.00 pm

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 24**

### *V. 18/2021* **സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 13-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്ന സ്കോളർഷിപ്പ് പരീക്ഷ മാറ്റിയിരിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

സ്കോളർഷിപ്പിന് പേര് തന്നിരിക്കുന്ന കുട്ടികളുടെ ഹോൾടിക്കറ്റ് സൺഡേസ്കൂളുകൾക്ക് പ്രിന്റ് എടുക്കാവുന്ന തീയതി പിന്നീട്

അറിയിക്കുന്നതാണ്. ഹോൾടിക്കറ്റ് കുട്ടികളുടെ കൈവശം കൊടുത്തു വിടേണ്ടതാണ്.

*V. 19/2021* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനസ്വീകരണത്തിന്റെ ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 8/2021* **അദ്ധ്യാപക തസ്തികയിലേക്ക് പരീക്ഷകൾ**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിലേക്ക് 2021 ഏപ്രിൽ 16-ാം തീയതി നടത്തുമെന്നറിയിച്ചിരുന്ന പരീക്ഷ പ്രത്യേക സാഹചര്യത്തിൽ 2021 മെയ് 5-ാം തീയതിയിലേക്കു മാറ്റിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മൂന്നു കേന്ദ്രങ്ങളിൽ വച്ചായിരിക്കും ഈ പരീക്ഷ നടത്തപ്പെടുക. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പരീക്ഷാതീയതി - 2021 മെയ് 5 ബുധനാഴ്ച 10.30 am -11.30 am

| പരീക്ഷാകേന്ദ്രങ്ങൾ | | വിഷയങ്ങൾ |
|---|---|---|
| 1 | SSUPS തൊടുപുഴ | TTC/D.Ed./D.El.Ed., നാച്ചുറൽ സയൻസ് |
| 2 | നിർമ്മല HSS മൂവാറ്റുപുഴ | ഇംഗ്ലീഷ്, സോഷ്യൽ സയൻസ് |
| 3 | സെന്റ് ജോർജ് HSS കോതമംഗലം | കണക്ക്, ഫിസിക്കൽ സയൻസ് |

അതാതു കേന്ദ്രങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾക്കു മാത്രമായിരിക്കും പരീക്ഷ. ഈ ഓഫീസിൽ നിന്നുമുള്ള കത്ത് ഏപ്രിൽ 30-നു മുമ്പു തപാലിൽ കിട്ടിയില്ലെങ്കിൽ രൂപത വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കത്ത് ഹാജരാക്കാത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. എഴുത്തു പരീക്ഷ പാസ്സായവർക്കുള്ള interview 2021 മെയ്മാസം 10, 11, 12 എന്നീ തീയതികളിൽ നടത്തപ്പെടും. കൂടുതൽ വിവരങ്ങൾ മെയ് മാസത്തെ ദൈവരാജ്യത്തിൽ അറിയിക്കുന്നതാണ്.

അപേക്ഷകർ താരതമ്യേന കുറവുള്ള മലയാളം, ഹിന്ദി, സംസ്കൃതം, അറബി, ഫിസിക്കൽ എഡ്യൂക്കേഷൻ, ഡ്രോയിംഗ്, മ്യൂസിക് എന്നീ വിഷയങ്ങൾക്ക് എഴുത്തുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല. പകരം interview മാത്രമായിരിക്കും നടത്തപ്പെടുക.

### *Edn. 9/2021* **അദ്ധ്യാപക - അനദ്ധ്യാപക സംഗമം**

2019-20, 2020-21 എന്നീ വർഷങ്ങളിൽ രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്നും വിരമിച്ച/വിരമിക്കുന്ന അദ്ധ്യാപക അനദ്ധ്യാപകരുടെ സംഗമം 2021 മെയ് മാസം 8-ാം തീയതി നടത്തുന്നതായിരിക്കും. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

### *Edn. 10/2021* **തിരുനാൾ ആശംസകൾ**

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന (ഏപ്രിൽ 24) അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും രൂപത വിദ്യാഭ്യാസ ഏജൻസിയുടെ തിരുനാൾ ആശംസകളും പ്രാർത്ഥനകളും.

*Secretary*

## സോഷ്യൽ സർവീസ്

### *SS. 11/2021* **ക്രെഡിറ്റ് യൂണിയൻ & SHG ലീഡേഴ്സ് മീറ്റ്**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുടെയും SHG കളുടെ യൂണിറ്റ് ഭാരവാഹികളുടെയും സംഗമം മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. KSSS പ്രസിഡന്റും വികാരി ജനറാളുമായ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

ക്രെഡിറ്റ് യൂണിയൻ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെ പിതാവ് അഭിനന്ദിച്ചു. KSSS ഡയറക്ടർ ഫാ. തോമസ് ജെ. പറയിടം, NESTT ഡയറക്ടർ ഫാ. ജോർജ് കാരക്കുന്നേൽ, ക്രെഡിറ്റ് യൂണിയൻ രൂപത പ്രസിഡന്റ് ടോമി കൈതവേലിൽ, ജിബിൻ ജോർജ്, മത്തച്ചൻ ചേബ്ലാങ്കൽ, ഷൈനി ജോസ് എന്നിവർ പ്രസംഗിച്ചു. ഐപ്പ് ജോൺ കല്ലുങ്കൽ, ജോൺസൺ കറുകപ്പിള്ളിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള നോമ്പുകാല സംഭാവനകളുടെ ഉദ്ഘാടനവും ബിഷപ് നിർവഹിച്ചു. യോഗത്തിൽ വച്ച് ക്രെഡിറ്റ് യൂണിയൻ കേന്ദ്രഭരണസമിതിയുടെ തിരഞ്ഞെടുപ്പും നടത്തി.

### *SS. 12/2021* ക്രെഡിറ്റ് യൂണിയൻ കേന്ദ്രഭരണസമിതി 2021-2023

കോതമംഗലം രൂപതയിലെ ക്രെഡിറ്റ് യൂണിയനുകളുടെ പുതിയ കേന്ദ്രഭരണസമിതി അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രസിഡന്റ് | - ജോജോ ജോർജ്, നാകപ്പുഴ |
| വൈസ് പ്രസിഡന്റ് | - ഷിനോ തോമസ്, മുണ്ടൻമുടി |
| വൈസ് പ്രസിഡന്റ് | - ജിൻസി സിജു, കോതമംഗലം |
| കമ്മിറ്റിയംഗങ്ങൾ | - സജു കെ.പി, മാതിരപ്പിള്ളി |
| | ജോസഫ് സെബാസ്റ്റ്യൻ, നീണ്ടപാറ |
| | തോമസ് ജോസഫ്, നെയ്യശ്ശേരി |
| | മേരി ജോസ്, തഴുവംകുന്ന് |
| | ഷൈനി മാത്യു, ചെപ്പുകുളം |

പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും ഭാവുകങ്ങളും നേരുന്നു.

### *SS. 13/2021* കോതമംഗലം സമരിറ്റൻസിനെ ആദരിച്ചു

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച "കോതമംഗലം സമരിറ്റൻസ്" എന്ന സന്നദ്ധസേനാംഗങ്ങളെ രൂപത ആദരിച്ചു. രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വോളന്റിയേഴ്സായ 20 വൈദികരും 16 അല്മായരും 4 സിസ്റ്റേഴ്സും രൂപതാകേന്ദ്രത്തിലെ വൈദികരും സോഷ്യൽ സർവീസ് സൊസൈറ്റി സ്റ്റാഫംഗങ്ങളും സംബന്ധിച്ചു. കോതമംഗലം സമരിറ്റൻസിന്റെ സേവനം മഹത്തരമാണെന്നും കോവിഡ് വൈറസ് ബാധിച്ചതുമൂലം

മരണമടഞ്ഞ സഭാംഗങ്ങൾക്ക് സഭാപാരമ്പര്യവും ആരാധനാക്രമവുമനുസരിച്ചുള്ള മൃതസംസ്കാരം നല്കുവാൻ സാധിക്കുന്നത് വലിയൊരു സേവനമാണെന്നും ബിഷപ്പ് പറഞ്ഞു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്കുപോലും മൃതദേഹത്തിന്റെ അടുത്തുവന്ന് ഉപചാരമർപ്പിക്കുവാനും പ്രാർത്ഥിക്കുവാനും സാധിക്കാത്ത സാഹചര്യത്തിൽ സന്നദ്ധ സേനാംഗങ്ങൾ വളരെ ആത്മാർത്ഥതയോടെ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് പ്രശംസനീയമാണെന്നും ഇതൊരു വലിയ ക്രിസ്തീയ പുണ്യപ്രവൃത്തിയായി സമൂഹം അംഗീകരിക്കുന്നുവെന്നും ബിഷപ് അനുസ്മരിച്ചു. ഈ സന്നദ്ധസേന മൃതസംസ്കാരത്തിനുവേണ്ടി മാത്രമുള്ളതല്ലെന്നും ഏത് അടിയന്തര സാഹചര്യത്തിലും മനുഷ്യസേവനത്തിനു തയ്യാറുള്ള ദ്രുതകർമ്മ സേനയായി തുടരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ഇതുവരെ 32 കോവിഡ് ബാധിതരുടെ മൃതസംസ്കാരം രൂപതയിൽ "കോതമംഗലം സമരിറ്റൻസി"ന്റെ നേതൃത്വത്തിൽ നടത്തി. അടിയന്തര സാഹചര്യത്തിൽ മൃതദേഹം ദഹിപ്പിക്കാമെന്ന തീരുമാനം സഭയിൽ എടുത്തിരുന്നുവെങ്കിലും കോതമംഗലം രൂപതയിൽ ഒരു മൃതദേഹം പോലും ദഹിപ്പിക്കേണ്ടിവന്നില്ല. ഇത് സന്നദ്ധസേനയുടെ സമയോചിതമായ ഇടപെടൽ മൂലമാണെന്ന് യോഗം വിലയിരുത്തി. ടീം രൂപീകരിച്ച സമയത്ത് കോതമംഗലം MLA ശ്രീ. ആന്റണി ജോൺ, തഹസീൽദാർ ശ്രീമതി റെയ്ച്ചൽ കെ. വർഗീസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോതമംഗലം താലൂക്ക് ആശുപത്രി സൂപ്രണ്ട്, ഹെഡ് നേഴ്സ്, ഫയർ & സേഫ്റ്റി ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ ടീമംഗങ്ങൾക്ക് പരിശീലനം നൽകിയിരുന്നു. തുടർന്ന് ടീമിന് സാങ്കേതിക സഹായം ലഭിച്ചിരുന്നത് കോതമംഗലം സെന്റ് ജോസഫ്, മുതലക്കോടം ഹോളിഫാമിലി എന്നീ ഹോസ്പിറ്റലുകളിൽ നിന്നാണ്. സമ്മേളനത്തിൽ വച്ച് ടീമംഗങ്ങളായ അല്മായരെയും സിസ്റ്റേഴ്സിനെയും മെമന്റോ നൽകി ആദരിച്ചു. സമ്മേളനത്തിൽ വികാരി ജനറാൾമാരായ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, മോൺ. ഫ്രാൻസീസ് കീരംപാറ, സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് ജെ. പറയിടം, പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ ജോൺസൺ കെ.യു., ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

## *SS. 14/2021* ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്

ക്രെഡിറ്റ് യൂണിയനുകളുടെ ഓഡിറ്റിംഗ് 2021 ഏപ്രിൽ മാസത്തിൽ നടത്തുന്നതാണ്. ഓഡിറ്റിംഗ് നടത്തുന്നത് കോതമംഗലം

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്ന ജോസ് കാപ്പൻ & കമ്പനിയായിരിക്കും. ഓഡിറ്റിംഗ് തീയതിയും സ്ഥലവും യൂണിറ്റുകളെ മുൻകൂട്ടി അറിയിക്കുന്നതാണ്. ഏപ്രിൽ 15-ന് മുമ്പ് എല്ലാ യൂണിറ്റുകളും കണക്കുകൾ കൃത്യമായി എഴുതി പൂർത്തീകരിക്കേണ്ടതാണ്. അംഗങ്ങളുടെ പാസ്സ്ബുക്ക് ശേഖരിച്ച് ഇൻസെന്റീവ്, സർവീസ് ചാർജ് തുടങ്ങിയവയും എഴുതി തയ്യാറാക്കുക.

*SS. 15/2021* **പുതിയ ഘട്ടം ആരംഭിക്കൽ**

ഏതെങ്കിലും ക്രെഡിറ്റ് യൂണിയനുകൾ ഘട്ടം പൂർത്തിയായതുണ്ടെങ്കിൽ പുതിയ ഘട്ടം ആരംഭിക്കാവുന്നതാണ്. തിരഞ്ഞെടുപ്പ് നടത്തിയ യൂണിറ്റുകൾ ഭാരവാഹികളുടെ വിവരങ്ങൾ KSSS ഓഫീസിൽ അറിയിക്കേണ്ടതാണ്.

*SS. 16/2021* **ക്രെഡിറ്റ് യൂണിയൻ/സ്വയം സഹായസംഘങ്ങൾ**

ക്രെഡിറ്റ് യൂണിയനും സ്വയം സഹായസംഘങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ അവ ആരംഭിക്കാൻ താല്പര്യമുള്ളവർ KSSS ഓഫീസിൽ അറിയിച്ചാൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 20/2021* **'കുറുപ്പംപടിയിലെ ജോസുട്ടൻ'**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയും കുറുപ്പംപടി ശാഖയും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയാണല്ലോ 'കുറുപ്പംപടിയിലെ ജോസുട്ടൻ.' കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപകാരപ്പെടുന്ന നല്ല സന്ദേശങ്ങൾ പാവകളി രൂപത്തിൽ അവതരിപ്പിക്കുന്ന ഈ പ്രോഗ്രാമിന്റെ 6-ാമത്തെ episode 05-03-2021-ന് Youtube ചാനലിലൂടെ സംപ്രേഷണം ചെയ്തു.

*CML 21/2021* **ഇടവകയ്ക്ക് ഒരു ബൈബിൾ**

കോതമംഗലം രൂപതയിലാകമാനം തരംഗമായിക്കൊണ്ടിരിക്കുന്ന 'ഇടവകയ്ക്ക് ഒരു ബൈബിൾ' എന്ന ബൈബിൾ കയ്യെഴുത്ത് പ്രതി നിർമ്മാണം ഇതിനോടകം 76 ഇടവകകൾ പൂർത്തീകരിച്ചു. ബൈബിൾ കയ്യെഴുത്ത് പ്രതി പ്രകാശനം നടത്തിയ ഇഞ്ചൂർ, കാരക്കുന്നം എന്നീ ശാഖകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

### *CML 22/2021* **Missio**

ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയും നെല്ലിക്കുഴി ശാഖയും സംയുക്തമായി നടത്തിയ അഖില കേരള മിഷൻ ക്വിസിന്റെ (Missio) ഫൈനൽ റൗണ്ട് മത്സരം 28-02-2021-ന് നടത്തി. ബഹു. ജോസഫ് വള്ളോംകുന്നേൽ അച്ചനാണ് ക്വിസിന് നേതൃത്വം നൽകിയത്. ജോസഫ് അച്ചനും പങ്കെടുത്തവർക്കും CML രൂപതാകുടുംബ ത്തിന്റെ പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

സമ്മാനാർഹരായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

I - ജിനോ ജോർജ് ചമ്പക്കര, ചങ്ങനാശ്ശേരി

II - സിറിയക് ജെ. സിറിയക് പുന്നപ്ര, ചങ്ങനാശ്ശേരി

III - എലിസബത്ത് ജോയ്സ്, കരിമണ്ണൂർ

IV - ജെന്നി ജോ മരിയ, കുറുപ്പംപടി

V - ആനന്ദ് റിറ്റി ജോജൻ, വിജ്ഞാനമാതാ, തൊടുപുഴ ഈസ്റ്റ്

എല്ലാവർക്കും രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### *CML 23/2021* **"GEMS" Bible**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത GEMS പദ്ധതി യിലെ അംഗങ്ങളായ കുട്ടികളെല്ലാവരും ചേർന്ന് എഴുതിയ സമ്പൂർണ്ണ ബൈബിൾ ഫെബ്രുവരി മാസം 28-ാം തീയതി നെസ്റ്റിൽവച്ച് കോത മംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പ്രകാശനം ചെയ്തു.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

### *FA 5/2021* **ഗ്രെയ്സ് കപ്പിൾസ് ടീം**

ഫാമിലി അപ്പോസ്തലേറ്റ് കോതമംഗലം രൂപത എക്സിക്യൂട്ടീവ് യോഗം 05-03-2021-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാപ്രസിഡന്റ് ശ്രീ. ജോണി ഇലവുംകുടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയ താഴത്ത് ഉദ്ഘാടനം ചെയ്തു. കുടുംബവർഷാചരണത്തോടനുബന്ധിച്ച് രൂപതാതലത്തിൽ 10 കുടുംബങ്ങൾ അടങ്ങുന്ന ഗ്രെയ്സ് കപ്പിൾസ് ടീമിന് രൂപം നൽകാനും തീരുമാനിച്ചു.

*Director*

# നിർമ്മല പ്രോ-ലൈഫ്

*NP. 1/2021* **പ്രേഷിത പ്രാർത്ഥന തീർത്ഥയാത്ര നടത്തി**

വി. യൗസേപ്പിതാവിന്റെ വർഷവും സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബവർഷവും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കെ.സി.ബി.സി. പ്രോലൈഫ് സമിതി പ്രേഷിതപ്രാർത്ഥനാതീർത്ഥയാത്ര നടത്തി. 2021 മാർച്ച് 19 മുതൽ 25 വരെ മേഖലയിലെ കൊച്ചി, ആലപ്പുഴ, വരാപ്പുഴ, കോതമംഗലം, മൂവാറ്റുപുഴ, ഇടുക്കി, എറണാകുളം-അങ്കമാലി എന്നീ ഏഴ് രൂപതകളിലെ 19 കേന്ദ്രങ്ങളിൽ തീർത്ഥയാത്ര എത്തിച്ചേർന്നു. വി. യൗസേപ്പിതാവിന്റെയും പരിശുദ്ധ മാതാവിന്റെയും തിരുസ്വരൂപങ്ങൾ ദൈവാലയങ്ങളിൽ സ്വീകരിച്ച് വി. കുർബാന, ജപമാല, നൊവേന, സന്ദേശം എന്നിവ നടത്തി. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ ജോസഫ് കരിയിൽ, മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ, മാർ ജോൺ നെല്ലിക്കുന്നേൽ എന്നീ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യവും അനുഗ്രഹവും ലഭിച്ച യാത്ര മാർച്ച് 25-ന് എറണാകുളം ആശീർഭവനിൽ പ്രോലൈഫ് ഡേ ദിനാഘോഷത്തോടെ സമാപിച്ചു. രൂപതാഡയറക്ടർമാർക്കും മറ്റു വൈദികർക്കും സംസ്ഥാന മേഖലഭാരവാഹികൾക്കും സഹകരിച്ച് വിജയിപ്പിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

*Director*

# മാതൃവേദി

*MV 12/2021* **പ്രാർത്ഥനായജ്ഞം**

മാതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോർജ് മലേപറമ്പിലിന്റെ രോഗസൗഖ്യം, പരിഹാരചൈതന്യത്തോടെയുള്ള വലിയനോമ്പാചരണം, ഇന്റർനാഷണൽ മാതൃവേദിയുടെ കൊറോണ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിലെ (PROSTASIA 2021) പങ്കാളിത്തം എന്നീ നിയോഗങ്ങൾക്കായി മാതൃവേദി അംഗങ്ങൾ മാർച്ച് മാസത്തിൽ ഒരു കോടി കരുണക്കൊന്തയും ഏപ്രിൽ മാസത്തിൽ 5 ലക്ഷം ജപമാലയും ചൊല്ലി സമർപ്പിക്കുന്നു.

*Director*

# DCMS

*DCMS 1/2021* **ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് സ്വീകരണം നൽകി**

KCBC, SCST, OBC കമ്മീഷന്റെയും DCMS സംസ്ഥാന കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 2021 മാർച്ച് 4-ാം തീയതി വ്യാഴാഴ്ച 2.30 pm-ന് കോട്ടയം പ്രസ്സ് ക്ലബ് ഓഡിറ്റോറിയത്തിൽ വച്ച് ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് സ്വീകരണം നൽകി. കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, രൂപതാ ഡയറക്ടർമാർ, സംസ്ഥാന കൗൺസിൽ അംഗങ്ങൾ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 13/2021* **രൂപതാ സമിതി യോഗം**

മാർച്ച് മാസത്തിലെ രൂപതാ സമിതിയോഗം 2-ാം തീയതി കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ ചേർന്ന് ഫെബ്രുവരി മാസത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. ദീപിക തീവ്രപ്രചരണ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

*DFC 14/2021* **ഫൊറോന കമ്മിറ്റിയോഗങ്ങൾ**

ഫെബ്രുവരി 21-ന് പൈങ്ങോട്ടൂരും കോതമംഗലത്തും 28-ന് മാറികയിലും ഫൊറോന കമ്മിറ്റികൾ യോഗം ചേർന്നു. Dream Line Project, Agents Meet എന്നിവ നടത്താൻ തീരുമാനിച്ചു. കോതമംഗലത്ത് ഫൊറോന കമ്മിറ്റിയുടെ ട്രഷറർ ആയി നാടുകാണി ഇടവകാംഗം ബിജു വെട്ടിക്കുഴയെ തിരഞ്ഞെടുത്തു. കോതമംഗലം ഫൊറോനയിൽ 2021-ൽ ഏറ്റവും കൂടുതൽ വരിക്കാരെ കണ്ടെത്തുന്ന ആദ്യ 3 ഇടവകകൾക്ക് സമ്മാനം നൽകാൻ തീരുമാനിച്ചു.

## *DFC 15/2021* **Promoters Meet**

2021 മാർച്ച് 6-ന് മുതലക്കോടത്തും മൂവാറ്റുപുഴയിലുമായി കോതമംഗലം രൂപതയിലെ ദീപിക പ്രമോട്ടർമാരായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ശില്പശാല സംഘടിപ്പിച്ചു. രാഷ്ട്രദീപിക ഡയറക്ടർ ബോർഡ് അംഗം റവ. ഡോ. തോമസ് പോത്തനാമുഴി ഉദ്ഘാടനം നിർവഹിച്ചു. Deepika General Manager (Cir.) റവ. ഫാ. ജിനോ പുന്നമറ്റത്തിലും ദീപികയുടെ ഇടുക്കി, കൊച്ചി യൂണിറ്റുകളിലെ ടീമും ക്ലാസ്സുകൾ നയിച്ചു.

## *DFC 16/2021* **സംസ്ഥാന സമിതിയോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ സംസ്ഥാന സമിതി യോഗം മാർച്ച് 9-ന് മൂവാറ്റുപുഴ NESTT-ൽ സമ്മേളിച്ചു. Deepika M.D. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. രാഷ്ട്രദീപിക ഡയറക്ടർബോർഡ് അംഗം റവ. ഡോ. തോമസ് പോത്തനാമുഴി മുഖ്യ പ്രഭാഷണം നടത്തി. 'മാധ്യമ ജാഗ്രതയും സമുദായ ഭദ്രതയും' എന്ന വിഷയത്തിൽ DFC സംസ്ഥാന ഡയറക്ടർ റവ. ഫാ. റോയി കണ്ണൻ ചിറ CMI-യും 'DFC പ്രവർത്തനങ്ങളും സാധ്യതകളും' എന്ന വിഷയത്തിൽ സംസ്ഥാന ജോയിന്റ് ഡയറക്ടർ റവ. ഫാ. ജിനോ പുന്നമറ്റത്തിലും ക്ലാസ്സുകൾ നയിച്ചു. 9 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

## *DFC 17/2021* **Agents Meet**

ഫെബ്രുവരി 27-ന് പൈങ്ങോട്ടൂർ ഫൊറോനയിലും മാർച്ച് 12-ന് മാറിക ഫൊറോനയിലും ദീപിക ദിനപ്പത്രത്തിന്റെ വിതരണക്കാരായ ഏജന്റുമാരെ ആദരിച്ചു.

## *DFC 18/2021* **Dream Line Project**

അഭിവന്ദ്യ പിതാവിന്റെ ആഹ്വാനപ്രകാരം മാർച്ച്, ഏപ്രിൽ മാസങ്ങൾ ദീപിക തീവ്രപ്രചരണമാസങ്ങളായി പ്രഖ്യാപിച്ച് Dream Line Project ന്റെ പ്രവർത്തനങ്ങൾ കത്തീഡ്രലിൽ റവ. ഡോ. തോമസ് ചെറുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

*Co-ordinator*

# യുവദീപ്തി - KCYM

## *YD 16/2021* WOW (Wonderful Outstanding Women)

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് KCYM കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വനിതാ സംഗമത്തിൽ (WOW - Wonderful Outstanding Women) പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് വാഴക്കുളം ഫൊറോന യ്ക്കും ഏനാനല്ലൂർ യൂണിറ്റിനും യുവജനങ്ങളെ വനിതാസംഗമത്തിൽ പങ്കാളികളാക്കിയ എല്ലാ യൂണിറ്റ് ഡയറക്ടർമാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും രൂപതാ സമിതിയുടെ നന്ദി.

## *YD 17/2021* ഫൊറോന ഡയറക്ടേഴ്സ് – ആനിമേറ്റേഴ്സ് മീറ്റ്

2021 മാർച്ച് 24 ബുധനാഴ്ച മുവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ഫൊറോന ഡയറക്ടേഴ്സ് – ആനിമേറ്റേഴ്സ് മീറ്റ് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## *YD 18/2021* യുവജനങ്ങളെ ആദരിക്കലും സമ്മാനദാനവും

2021 ഏപ്രിൽ 10 ശനിയാഴ്ച ഉച്ചയ്ക്ക് 2.30–ന് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കോവിഡ് കാലത്ത് കോതമംഗലം സമതിറ്റൻസിനോടൊപ്പം സ്തുത്യർഹമായ സേവനം കാഴ്ചവച്ച യുവജനങ്ങളെ ആദരിക്കുകയും രൂപതാതലത്തിൽ നടത്തപ്പെട്ട ഓൺലൈൻ മത്സരങ്ങളുടെ സമ്മാനദാനം നിർവഹിക്കുകയും ചെയ്യുന്നതാണ്.

*Director*

# ജീസസ് യൂത്ത്

## *JY 15/2021* കോറൽ Jubliee

കോറൽ ജൂബിലിയോടനുബന്ധിച്ചുള്ള സോണൽ ഗ്യാതറിങ്ങ് ഫെബ്രുവരി 21–ാം തീയതി NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോടെ ആരംഭിച്ച കൂട്ടായ്മയിൽ 60 ഓളം

പേർ പങ്കെടുത്തു. മുൻ KJYC കോ-ഓർഡിനേറ്റർ അഭിലാഷ് എം.കെ. സെഷൻ നയിച്ചു. സോണൽ കൗൺസിൽ ആനിമേറ്റർ സി. റൂബി കാക്കനാട്ട് SD -യുടെ സന്യസ്ത രജതജൂബിലി ആഘോഷവും കോറൽ ജൂബിലിയുടെ സോണൽ തലത്തിലുള്ള ആഘോഷവും ഇതോടനുബന്ധിച്ച് നടത്തപ്പെട്ടു.

*JY 16/2021* **സോണൽ അഡോറേഷൻ**

സോണൽ ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാത്രി 9.30-ന് സോണൽ അഡോറേഷൻ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ ആയി നടത്തപ്പെടുന്നു.

*JY 17/2021* **സോണൽ അസംബ്ലി**

പുതിയ സോണൽ കൗൺസിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള സോണൽ അസംബ്ലി ഏപ്രിൽ 14-ന് NESTT-ൽ വച്ച് നടത്തപ്പെടുന്നു. ശ്രീ. മാത്യു തോമസാണ് പുതിയ സോണൽ അസംബ്ലി ജനറൽ കോ-ഓർഡിനേറ്റർ. രണ്ടു വർഷത്തെ കാലാവധി പൂർത്തിയാക്കിയ ശ്രീ. ജെബിൻ ജോസിന്റെ നേതൃത്വത്തിലുള്ള ടീമിന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

*JY 18/2021* **നൈറ്റ് വിജിൽ**

മാർച്ച് മാസത്തെ സോണൽ നൈറ്റ് വിജിൽ മാർച്ച് 13-ന് നടത്തപ്പെട്ടു.

*JY 19/2021* **ഹൗസ്ഹോൾഡ്**

ഈ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ മാർച്ച് 14-ാം തീയതി ഓൺലൈൻ ആയി നടത്തപ്പെട്ടു.

*JY 20/2021* **നേതൃത്വ പരിശീലന പരിപാടി**

സോണൽ ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ക്യാമ്പസ് വിദ്യാർഥികളുടെ നേതൃത്വപരിശീലന പരിപാടി SWAG (Saved With Abundant Grace) എന്ന പേരിൽ മാർച്ച് 21-ാം തീയതി NESTT-ൽ വച്ച് നടത്തപ്പെട്ടു.

*Animator*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 2/2021* **പ്രാർത്ഥനാകൂട്ടായ്മ**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോത മംഗലം സോണിന്റെ നേതൃത്വത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 8 സബ്സോണുകളിലും പ്രയർഗ്രൂപ്പ് സോണൽ സർവ്വീസ് ടീം അംഗ ങ്ങൾ സന്ദർശനം നടത്തുന്നു. സബ്സോണുകളെ അറിയുക, അടുത്ത ഒരു വർഷത്തെ കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുക, പ്രാർത്ഥനാ ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് ഈ സന്ദർശനത്തിന്റെ ലക്ഷ്യം. മാറിക, മൂവാറ്റുപുഴ, തൊടുപുഴ സബ് സോണുകളിലെ സന്ദർ ശനം മാർച്ച് മാസം പൂർത്തിയായി. ഏപ്രിൽ മാസം മറ്റ് സബ്സോണു കളിലും നടക്കുന്നു. വലിയ നോമ്പിനോടനുബന്ധിച്ച് 40-ാം വെള്ളി യാഴ്ച മലേക്കുരിശിലേക്ക് 8 സബ്സോണുകളുടെയും പങ്കാളിത്ത ത്തോടെ തീർത്ഥാടനം നടത്തി. 'കരുതൽ 2021' എന്ന പ്രോഗ്രാമിന്റെ ഭാഗമായി K.C.C. R.S.T- ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, വൈസ് ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ, K.C.C. R.S.T. ടീം അംഗങ്ങൾ തുടങ്ങിയവർ ഒരു ദിവസത്തെ സോൺ സന്ദർശനം നടത്തുകയും സോണൽ സബ്സോൺ സർവീസ് ടീം മിനിസ്ട്രി അംഗങ്ങളോടൊത്ത് കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ ഒത്തുചേരുകയും സോൺ, സബ് സോൺ പ്രവർത്തനങ്ങൾ വിലയിരു ത്തുകയും തുടർന്ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാ വിനെ കാണുകയും 'കരുതൽ 2021' പ്രോഗ്രാമിനെക്കുറിച്ച് അറിയിക്കു കയും ചെയ്തു. സോണിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥ നാശുശ്രൂഷകൾക്കും സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരി ശുംമൂട്ടിൽ, സോൺ കോ-ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സെക്ര ട്ടറി സണ്ണി പോൾ, സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 5/2021* **മെയ് ദിനാഘോഷം**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സാർവ്വദേശീയ തൊഴിലാളിദിനമായ മെയ് 1-ന് മെയ് ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു. മെയ് 1-ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്ന സമ്മേളനം സംസ്ഥാന പ്രസിഡന്റ് ബാബു തണ്ണിക്കോട് ഉദ്ഘാടനം ചെയ്യും. രൂപത പ്രസിഡന്റ് അഡ്വ. തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് മുഖ്യപ്രഭാഷണം നടത്തും. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ പ്രസിഡന്റ് ജോയ് ഗോതുരുത്ത് ക്ലാസ്സ് നയിക്കും. രൂപതാ-സോണൽ-ഇടവകതല KLM ഭാരവാഹികളും തൊഴിലാളി ഫോറം നേതൃസമിതി അംഗങ്ങളുമാണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

*KLM 6/2021* **KLM വനിതാദിനാചരണം**

കേരളാ ലേബർ മൂവ്മെന്റിന്റെ കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8 വനിതാദിനം ആചരിച്ചു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ വനിതാവിഭാഗം പ്രസിഡന്റ് ലിറ്റി റോബി അദ്ധ്യക്ഷത വഹിച്ചു. ലേബർ മൂവ്മെന്റ് രൂപതാപ്രസിഡന്റ് അഡ്വ. തോമസ് മാത്യു, സെക്രട്ടറി ആൽബി ജോസ് എന്നിവർ പ്രസംഗിച്ചു. വനിതാ ശാക്തീകരണവും തൊഴിൽ നൈപുണ്യപരിശീലനവും എന്ന വിഷയത്തെപ്പറ്റി സി. ഷീൻ മരിയ ക്ലാസ്സ് നയിച്ചു.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| ” | Chemparathy George | " | 24 |
| ” | Chettoor George | " | 24 |

| | | | |
|---|---|---|---|
| Rev. Fr. | Edathala George | " | 24 |
| " | Kadukummackal George | " | 24 |
| " | Kapiarumala George | " | 24 |
| " | Karakunnel George | " | 24 |
| " | Kariamadam George | " | 24 |
| " | Kochuparambil George | " | 24 |
| " | Kurisummoottil George | " | 24 |
| Rev. Mgr. | Kurukkoor George | " | 24 |
| Rev. Fr. | Maleparambil George | " | 24 |
| " | Mandapathil Varkey | " | 24 |
| " | Marappillil George | " | 24 |
| " | Mulanjanany George | " | 24 |
| " | Mundackal George | " | 24 |
| " | Nedumkallel George | " | 24 |
| " | Nedungatt George | " | 24 |
| " | Nirappath George | " | 24 |
| " | Oliapuram George (Jr.) | " | 24 |
| " | Oliapuram George (Sr.) | " | 24 |
| " | Paramel Varghese | " | 24 |
| " | Pallikunnel Georgy | " | 24 |
| " | Parankimyalil George | " | 24 |
| " | Peechanikunnel George | " | 24 |
| " | Pottackal George | " | 24 |
| " | Pullan George | " | 24 |
| " | Thachil George | " | 24 |
| " | Thadikkatt George | " | 24 |
| " | Thanathuparambil George | " | 24 |
| " | Thekkeattath George | " | 24 |
| " | Thekkekara George | " | 24 |
| " | Vadakel George | " | 24 |
| " | Vallomkunnel George | " | 24 |
| " | Vandanakara George | " | 24 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ഫെബ്രുവരി 2021**

23 ● രണ്ടാർ ഇടവകാംഗമായ ബഹു. ജോൺ പടിഞ്ഞാട്ടുവയലിൽ അച്ചന്റെ മരണവാർഷികത്തിൽ ദിവ്യബലി അർപ്പിച്ചു.

23 ● SABS സഭാംഗമായ സി. റോസിലന്റ് കളപ്പുരയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 ● പുറപ്പുഴ ഇടവകാംഗമായ കുര്യനാൽ പരേതനായ ബഹു. ജെയിംസച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 ● NESTT പാസ്റ്ററൽ സെന്ററിൽ മിഷൻലീഗ്, കെ.സി.എസ്.എൽ സംഘടനകളുടെ നേതൃത്വത്തിൽ കഴിഞ്ഞ പ്രവർത്തനവർഷം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം നൽകി ആശംസകളർപ്പിച്ചു.

**മാർച്ച് 2021**

1 ● പരീക്കണ്ണി ഇടവകാംഗമായ സിസിലി ജോസഫ് താഴുത്തേടത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 ● ബിഷപ്സ് ഹൗസിൽ 'കോതമംഗലം സമരിറ്റൻസ്' എന്ന സന്നദ്ധസേനയിലെ അംഗങ്ങളെ ആദരിച്ചു.

4 ● കരിമണ്ണൂർ ഇടവകയിൽ 40 മണി ആരാധനയുടെ പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

9 ● വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിലിന്റെ പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 ● മൈനർ സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന Young Priests' Seminar -ന് നേതൃത്വം നൽകി.

- OCD സഭയുടെ ഡൽഹി പ്രോവിൻസ് അംഗമായ ബഹു. മാർട്ടിൻ പനന്താനം അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

12 • അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് രചിച്ച "ഗലാത്തിയ ലേഖനം - ഒരു സമ്പൂർണ്ണ വ്യാഖ്യാനം" എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

- തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കിഡ്നി രോഗികൾക്ക് സൗജന്യമായി നൽകുന്ന ഡയാലിസിസ് കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു.

14 • നെല്ലിമറ്റം സെന്റ് ജോസഫ് ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും വി. യൗസേപ്പിതാവിന്റെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.

- വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കോതമംഗലം സെൻട്രൽ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബേബി തെക്കേച്ചെരുവിൽ സ്ഥാനമേൽക്കുന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
- പാലാ രൂപതാംഗമായ ബഹു. അഗസ്റ്റിൻ കോലോത്തച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 • ആരക്കുഴ, വാഴക്കുളം ഫൊറോനകളിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

16 • കാളിയാർ, കരിമണ്ണൂർ ഫൊറോനകളിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

17 • കോതമംഗലം ഫൊറോനയിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

- എറണാകുളം- അങ്കമാലി അതിരൂപതാംഗമായ ബഹു. ജോസഫ് കോട്ടയ്ക്കൽ അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളു

ടെയും SHG കളുടെ യൂണിറ്റ് ഭാരവാഹികളുടെയും സംഗമം മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു.

18 • കോതമംഗലം സെന്റ് ജോസഫ് ഹോസ്പിറ്റലിൽ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

19 • കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിൽ ദിവ്യബലിയർപ്പിക്കുകയും 'സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബവർഷം' ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

- മൂവാറ്റുപുഴ CMI പ്രോവിൻസിന്റെ കുടുംബദിനത്തിൽ ആശംസകളറിയിച്ചു.
- മാറിക സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും വി. യൗസേപ്പിതാവിന്റെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.
- മുടവൂർ ഇടവകയുടെ ഓൺലൈൻ കുടുംബക്കൂട്ടായ്മ മീറ്റിംഗിൽ സന്ദേശം നൽകി.
- SABS സഭാംഗമായ സി. തെക്ല വിതയത്തിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# Bishop's Engagements

## April 2021

| | | | | |
|---|---|---|---|---|
| 01 | Thu | Cathedral | Holy Mass | 7.00 am |
| 02 | Fri | Kavakad | Good Friday Service | 7.00 am |
| 03 | Sat | Kottappady | Holy Mass | 7.15 am |
| 04 | Sun | Cathedral | Holy Mass | 3.00 am |
| 07 | Wed | SMS Convent Oonnukal | Holy Mass | 10.30 am |

| | | | | | |
|---|---|---|---|---|---|
| 08 | Thu | ● | Arakuzha | Holy Mass | 3.00 pm |
| 09 | Fri | ● | CMC Provincial House | Holy Mass | 06.15 am |
| 10 | Sat | ● | MSJ Generalate | Holy Mass | 10.30 am |
| | | ● | NESTT | KCYM Meeting | 02.30 pm |
| 11 | Sun | ● | Divine Mercy Shrine | Holy Mass | 10.00 am |
| 12 | Mon | ● | Purapuzha | Requiem Mass | 11.00 am |
| 13 | Tue | ● | Bishop's House | Presbyteral Council | 10.00 am |
| 14 | Wed | ● | SABS Provincial House | Vestition | 10.30 am |
| 15 | Thu | ● | Muvattupuzha | Jeeva Laboratory Blessing | 10.30 am |
| 17 | Sat | ● | NESTT | Pastoral Council | 10.00 am |
| 18 | Sun | ● | Arakuzha | Holy Mass | 10.30 am |
| 19 | Mon | ● | Paingottoor | Ordination | 09.15 am |
| 20 | Tue | ● | NESTT | Diocesan Day | 10.00 am |
| 21 | Wed | ● | Kothamangalam | Catechetical Committee | 10.00 am |
| 23 | Fri | ● | Muthalakodam | Holy Mass | 04.00 pm |
| 26 | Mon | ● | Diaconate | Minor Seminary | 10.30 am |
| 27-30 | | ● | Dharmaram | Diaconate & Minor Orders | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | " | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | " | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | " | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | " | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | " | 08-05-1977 |

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | ” | 17-05-1985 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | ” | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | ” | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |

# നിര്യാതയായി

## സി. തെക്ല SABS (വിതയത്തിൽ)

| | | |
|---|---|---|
| ഇടവക | - | അകപ്പറമ്പ് |
| ജനനം | - | 01-11-1938 |
| ആദ്യവ്രതം | - | 22-04-1961 |
| നിത്യവ്രതം | - | 25-05-1965 |
| മരണം | - | 19-03-2021 |
| മൃതസംസ്കാരം | - | 19-03-2021 (മാറിക) |

# കോതമംഗലം രൂപതയിലെ
# പ്രത്യേക തീർത്ഥാടനകേന്ദ്രങ്ങൾ



സെന്റ് ജോസഫ് ചർച്ച്, നെല്ലിമറ്റം



സെന്റ് ജോസഫ് ചർച്ച്, പെരിങ്ങഴ



സെന്റ് ജോസഫ് ഫൊറോന
ചർച്ച്, മാറിക




ഹോളി ഫാമിലി ചർച്ച്, ബസ്ലഹം



കോതമംഗലം സമരിറ്റൻസ്

Deivarajyam April 2021
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/4/2021
●Posted at Thodupuzha Stg.
Annual Subscription ₹ 100.00


24
St. George


25
St. Mark the Evangelist


29
St. Catherine of Siena

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691